# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7490** — **14.7.2014-ൽ മറുപടിക്ക്**

**പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ**

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് മാലിന്യസംസ്കരണ പ്ലാന്റുകൾ ഉള്ളത്; ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചതെന്നും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതെന്നുമുള്ള വിവരം തരംതിരിച്ച് വ്യക്തമാക്കാമോ; ഇവയ്ക്കുള്ള ഫണ്ട് എവിടെ നിന്നൊക്കെയാണ് ലഭ്യമാക്കിയത് ;

എ) സംസ്ഥാനത്തെ 56 ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുള്ളതിൽ 11 ഗ്രാമപഞ്ചായത്തുകളിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 45 പഞ്ചായത്തുകളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി നിർവ്വഹണം നടത്തുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ്. പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച പഞ്ചായത്തുകളുടെയും നിർമ്മാണ പ്രവർത്തനം നടന്നു വരുന്ന പഞ്ചായത്തുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. ശുചിത്വ മിഷനിൽ നിന്നും ക്ലീൻ കേരള മിഷനിൽ നിന്നും സാമ്പത്തിക സഹായം നൽകി വരുന്നു.

ബി) സാമ്പത്തിക ശേഷികുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ ശുചിത്വമിഷൻ സാമ്പത്തിക സഹായം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ എത്ര; എത്ര ശേഷിയുള്ള പ്ലാന്റുകളാണ് ഇവിടെ നിർമ്മിക്കുന്നത്;

ബി) ഖരമാലിന്യസംസ്കരണത്തിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്ന എല്ലാ പഞ്ചായത്തുകൾക്കും പദ്ധതികൾക്കനുസൃതമായി പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി നോക്കാതെ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും ശുചിത്വമിഷൻ നൽകി വരുന്നുണ്ട്.

സി) മാലിന്യ സംസ്കരണ പ്ലാന്റ് പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;
പത്തനംതിട്ട ജില്ലയിലെ പ്ലാന്റുകൾക്ക് അംഗീകാരം ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സി) പഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തോത് അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനായി തയ്യാറായി മുന്നോട്ടുവരുന്ന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ പ്ലാന്റുകൾക്ക് അംഗീകാരം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നിർമ്മാണം പൂർത്തീകരിച്ച പഞ്ചായത്തുകൾ

1. പോത്തൻകോട്
2. കട്ടപ്പന
3. മൂന്നാർ
4. പട്ടാമ്പി
5. കരുളായി
6. കീഴൂർ–ചാവശ്ശേരി
7. മംഗൽപ്പാടി
8. മഞ്ചേശ്വരം
9. അജാനൂർ
10. നാദാപുരം
11. നീലേശ്വരം

### സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചുവരുന്ന പഞ്ചായത്തുകൾ

1. മാണിക്കൽ
2. കാട്ടാക്കട
3. പൂയപ്പള്ളി
4. ചിതറ
5. വിളക്കുടി
6. ശാസ്താംകോട്ട
7. അമ്പലപ്പുഴ വടക്ക്
8. ചുനക്കര
9. അമ്പലപ്പുജ തെക്ക്
10. മാവേലിക്കര താമരക്കുളം
11. പാണാവള്ളി
12. അരൂർ
13. മാന്നാർ
14. ഹരിപ്പാട്
15. കോടംതുരുത്ത്
16. മാരാരിക്കുളം നോർത്ത്
17. ആര്യാട്
18. പുലിയൂർ
19. തലയോലപ്പറമ്പ്
20. കാഞ്ഞിരപ്പള്ളി
21. എരുമേലി
22. കുമിളി
23. വണ്ടിപെരിയാർ
24. അടിമാലി
25. കൂത്താട്ടുകുളം
26. മുളംതുരുത്തി
27. കല്ലൂർക്കാട്
28. ആമ്പല്ലൂർ
29. പെരുമാട്ടി
30. പെരുവമ്പ്
31. കൊല്ലങ്കോട്
32. തിരൂരങ്ങാടി
33. വാഴക്കാട്
34. വളാഞ്ചേരി
35. പരപ്പനങ്ങാടി
36. കുറ്റിപ്പുറം
37. ചേലന്നൂർ
38. ഫറോക്ക്
39. വാണിമേൽ
40. കുറ്റ്യാടി
41. വൈത്തിരി
42. ചെങ്ങളായി
43. പാപ്പിനിശ്ശേരി
44. ചിറക്കൽ
45. മൊഗ്രാൽ–പുത്തൂർ

സെക്ഷൻ ഓഫീസർ